# വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കറിന്റെ ഉഗാണ്ട, നൈജീരിയ സന്ദർശനം (19-23, 2024)

ജനുവരി 18, 2024

2024 ജനുവരി 19-20 തീയതികളിൽ ഉഗാണ്ടയിലെ കംപാലയിൽ നടക്കുന്ന ചേരിചേരാ പ്രസ്ഥാനത്തിന്റെ (നാം) 19-മത് ഉച്ചകോടിയിൽ ഇന്ത്യൻ പ്രതിനിധി സംഘത്തെ വിദേശകാര്യ മന്ത്രി (ഇഎഎം), ഡോ. എസ്. ജയശങ്കർ നയിക്കും. മന്ത്രിതലത്തിലും ഉന്നത ഉദ്യോഗസ്ഥ തലത്തിലും ഉള്ള ചർച്ചകൾ ഉച്ചകോടിയുടെ ഭാഗമായി നടക്കും. നാം ഉച്ചകോടിക്ക് മുന്നോടിയായുള്ള നാം വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ വിദേശകാര്യ സഹമന്ത്രി ഡോ. രാജ്കുമാർ രഞ്ജൻ സിംഗ് ആണ് ഇന്ത്യയെ പ്രതിനിധീകരിക്കുന്നത്. 2024 ജനുവരി 21-22 തീയതികളിൽ കംപാലയിൽ നടക്കുന്ന ജി-77 മൂന്നാം ദക്ഷിണ മേഖലാ ഉച്ചകോടിയിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് വിദേശകാര്യ സഹമന്ത്രി ശ്രീ. വി. മുരളീധരൻ പങ്കെടുക്കും.

2. 19-മത് നാം ഉച്ചകോടിക്ക് നേതൃത്വം വഹിക്കുന്നത് ഉഗാണ്ടയാണ്. നിർണ്ണായകമായ ചരിത്ര പ്രാധാന്യമുള്ള ഒരു വേദിയിൽ 120-ലധികം വികസ്വര രാജ്യങ്ങളെ ഒരുമിച്ച് കൊണ്ടുവരുന്ന ഉച്ചകോടിയുടെ പ്രമേയം 'അന്യോന്യ ആഗോള സമൃദ്ധിക്കായി ആഴത്തിലുള്ള സഹകരണം' എന്നതാണ്. നാമിനുള്ള ഉഗാണ്ടയുടെ പ്രമേയത്തെ ഇന്ത്യ പൂർണ്ണഹൃദയത്തോടെ പിന്തുണയ്ക്കുകയും ഉഗാണ്ടയുടെ നേതൃത്വത്തിൽ നാമുമായുള്ള സഹകരണത്തിന് കാത്തിരിക്കുകയും ചെയ്യുന്നു. നാമിന്റെ മുഖ്യ, സ്ഥാപക അംഗങ്ങളിൽ ഒന്നെന്ന നിലയിൽ, പ്രസ്ഥാനത്തിന്റെ തത്വങ്ങളോടും മൂല്യങ്ങളോടും ഇന്ത്യ തുടർന്നും പ്രതിബദ്ധമാണ്.

3. നാം ഉച്ചകോടിയുടെ ഭാഗമായി, വിദേശകാര്യ മന്ത്രി ഉഗാണ്ടൻ നേതൃത്വവുമായും നാം അംഗ രാജ്യങ്ങളുടെ വിദേശകാര്യ മന്ത്രിമാരുമായും കൂടിക്കാഴ്ച നടത്തുമെന്ന് പ്രതീക്ഷിക്കുന്നു.

4. ഔദ്യോഗിക സന്ദർശനത്തിനായി 2024 ജനുവരി 21-23 തീയതികളിൽ വിദേശകാര്യ മന്ത്രി നൈജീരിയ സന്ദർശിക്കും. ആറാമത് ഇന്ത്യ-നൈജീരിയ സംയുക്ത കമ്മീഷൻ യോഗത്തിൽ (ജെസിഎം) നൈജീരിയൻ വിദേശകാര്യ മന്ത്രിക്കൊപ്പം  വിദേശകാര്യ മന്ത്രി ഉപാധ്യക്ഷം വഹിക്കും, മറ്റ് നേതാക്കളുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. നൈജീരിയ-ഇന്ത്യ ബിസിനസ് കൗൺസിൽ മീറ്റിംഗിന്റെ

മൂന്നാം പതിപ്പ് വിദേശകാര്യ മന്ത്രി ഉദ്ഘാടനം ചെയ്യും, നൈജീരിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർനാഷണൽ അഫയേഴ്സിൽ അദ്ദേഹം പ്രഭാഷണം നടത്തും, സിഐഐ ബിസിനസ് പ്രതിനിധികളുമായി സംവദിക്കുകയും മഹാത്മാഗാന്ധിയുടെ അർധകായ പ്രതിമ അനാച്ഛാദനം ചെയ്യുകയും ചെയ്യും. ഇന്ത്യൻ മിഷൻ മേധാവികളുടെ മേഖലാ സമ്മേളനത്തിനും അദ്ദേഹം അധ്യക്ഷം വഹിക്കും. ഇന്ത്യയും നൈജീരിയയും പരമ്പരാഗതമായി അടുത്ത സൗഹൃദം പുലർത്തുന്ന രാജ്യങ്ങളാണ്. നൈജീരിയയിലേക്കുള്ള വിദേശകാര്യ മന്ത്രിയുടെ ആദ്യ സന്ദർശനമാണിത്. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം ഇത് കൂടുതൽ ശക്തമാക്കും.

**ന്യൂഡൽഹി**
**ജനുവരി 18, 2024**